**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3751** **15-07-2022 - ൽ മറുപടിയ്ക്ക്**

**കെ ഡിസ്ക്-ന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള ഡവലപ്പ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കൽ- യുവാക്കൾക്കിടയിൽ ഇന്നവേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ചെറുകിട- ഇടത്തരം സംരംഭങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ എന്നിവയിൽ നൂതന വികസന ആശയപരിപാടി സംഘടിപ്പിക്കുക.<br><br>•കേരളത്തെ വിജ്ഞാന സമൂഹത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.<br><br>•അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് അവരവരുടെ അഭിരുചികൾക്കനുസരിച്ച് തൊഴിൽ ആഗോളതലത്തിൽ നിന്നും കണ്ടെത്തുന്നതിനും തൊഴിലിന് ആവശ്യമായ അഭിരുചികൾ മെച്ചപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക.<br><br>•പാർശ്വവൽക്കരിക്കപ്പെടുന്ന വിവിധ വിഭാഗങ്ങളെ കൂടി ഉൾപ്പെടുത്തി അവരുടെ സമഗ്രമായ വികസനം സാധ്യമാകുന്ന നടപടികൾ ആവിഷ്കരിക്കുക. |
| (ബി) | എന്തൊക്കെ പ്രവർത്തനങ്ങളാണ് കെ-ഡിസ്ക് ഏറ്റെടുത്ത് നടത്തുന്നത്; വിശദമാക്കുമോ; | (ബി) | യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം (YIP )- 13 മുതൽ 35 വയസ്സുവരെ പ്രായമുള്ള പഠന- ഗവേഷണ മേഖലകളിലെ ചെറുപ്പക്കാരിൽ നിന്ന് കേരളത്തിന്റെ ജീവൽ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന ഇന്നൊവേഷനുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിന് അവർക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കുന്ന പദ്ധതി.<br><br>•ഒരു തദ്ദേശസ്ഥാപനം ഒരു ആശയം (OLOI) - പ്രാദേശികതലത്തിൽ നൂതന വികസന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ- അക്കാദമിക-സർക്കാർ മേഖലകളെ ബന്ധപ്പെടുത്തി |

സുസ്ഥിര സംവിധാനം വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

• കേരളത്തെ ബ്ലോക്ക് ചെയിൻ അപ്ലിക്കേഷൻ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള ആക്സിലറേറ്റഡ് ബ്ലോക്ക് ചെയിൻ കോമ്പറ്റീഷൻസി ഡെവലപ്മെന്റ് (എബിസിഡി) പ്രോഗ്രാം.

•കുട്ടികളിൽ ഗണിതപ്രാവീണ്യം മെച്ചപ്പെടുത്താനുള്ള മഞ്ചാടി.

•കുട്ടികളിൽ ശാസ്ത്രപ്രാവീണ്യം മെച്ചപ്പെടുത്താനുള്ള മഴവില്ല്.

•വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉയർന്നുവരുന്ന സാങ്കേതിക പരിഹാരങ്ങൾ സ്വീകരിക്കുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള ആക്സിലറേറ്റിംഗ് അഡോപ്ഷൻ ഓഫ് എമേർജിംഗ് ടെക്നോളജി സൊല്യൂഷൻ ഇൻ ഗവൺമെന്റ്.

• കേരള നോളജ് എക്കണോമി മിഷൻ - കേരളത്തെ വിജ്ഞാന സമൂഹമാക്കി പരിവർത്തനം ചെയ്യുന്നതിന്റെ ഭാഗമായി ആഗോളതലത്തിൽ വൈജ്ഞാനിക തൊഴിൽ മേഖലയിൽ ഉൾപ്പെടെ കേരളത്തിന്റെ തൊഴിൽ ശേഷിയെ വിന്യസിക്കുന്നതിനും അഭ്യസ്ത വിദ്യരായ തൊഴിൽരഹിതർക്ക് അഭിരുചിക്കും നൈപുണ്യത്തിനും അനുസൃതമായ തൊഴിൽ കണ്ടെത്തുന്നതിനുള്ള പ്രത്യേക ദൗത്യ പദ്ധതി.

• കേരളത്തിലെ സൂക്ഷ്മ- ചെറുകിട -ഇടത്തരം സംരംഭങ്ങളുടെ ക്ലസ്റ്ററുകളിൽ മികച്ച ഇന്നൊവേഷനുകൾ കണ്ടെത്തി നടപ്പാക്കുന്നതിന് സംരംഭങ്ങളെയും അക്കാദമിക സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുള്ള ഒരു ജില്ല ഒരു ആശയം (ODOI) പദ്ധതി.

• കേരള മിനറൽ ഹബ്ബിനായി ഡി പി ആർ തയ്യാറാക്കൽ.

• മെഡിക്കൽ ഉപകരണങ്ങളുടെ കേന്ദ്രത്തിനായി കൺസോർഷ്യം സ്ഥാപിക്കൽ.

• നല്ലയിനം പഴങ്ങൾ, പച്ചക്കറികൾ, മത്സ്യം, മാംസം എന്നിവ കണ്ടെത്തുന്നതിനുള്ള ഒരു മാതൃകയും സ്വാശ്രയ സംഘങ്ങളുടെ സഹായത്തോടെ പ്രാഥമിക സഹകരണ ബാങ്ക് മേഖലയിൽ കേരള ഫുഡ് പ്ലാറ്റ്ഫോം മാതൃകയും ഉൾപ്പെടുന്ന മൾട്ടി സ്റ്റേക്ക് ഹോൾഡർ പ്രോജക്ട്.

| | | | |
|---|---|---|---|
| | | | • ഭിന്ന ശേഷിയുള്ള കുട്ടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷനും( കെ എസ് എസ് എം ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിഗും (നിഷ്) ചേർന്ന് നടത്തുന്ന ടാലന്റ് സപ്പോർട്ട് പ്രോഗ്രാമും ടാലെന്റ് സേർച്ചും, വൈകല്യമുള്ള യുവാക്കളുടെ ഇന്നൊവേഷനുകളെ പ്രോത്സാഹിപ്പിക്കലും.<br>•സംസ്ഥാനത്തിന്റെ വൈദ്യുത വാഹന നയം രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും നേതൃത്വം നൽകുന്നു. |
| (സി) | വിദ്യാർത്ഥികൾക്ക് വേണ്ടി ഇന്നവേഷൻ രംഗത്ത് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (സി) | 13 മുതൽ 35 വയസ്സ് വരെ പ്രായമുള്ള പഠന-ഗവേഷണ മേഖലകളിലെ ചെറുപ്പക്കാരിൽ നിന്ന് കേരളത്തിന്റെ ജീവൽ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന ഇന്നൊവേഷനുകൾ കണ്ടെത്തി അവർക്കാവശ്യമായ പിന്തുണയും അവയുടെ വികസിപ്പിക്കലും ലക്ഷ്യമിട്ടുള്ള യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം (YIP) ആണ് വിദ്യാർത്ഥികൾക്കായി കെ -ഡിസ്ക് നടത്തുന്ന പ്രധാന പരിപാടി. |
| (ഡി) | യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന്റെ പുരോഗതി അറിയിക്കാമോ? | (ഡി) | 2018 ൽ ആരംഭിച്ച പരിപാടി അഞ്ചാം പതിപ്പിലേക്ക് കടക്കുകയാണ്. മൂന്നുവർഷമാണ് ഓരോ പതിപ്പിന്റെയും സമയപരിധി. ഇതുവരെ വിവിധ പതിപ്പുകളിലായി പന്ത്രണ്ടായിരത്തിൽ പരം ടീമുകൾ പങ്കെടുത്തു. 2018 ൽ 17 പേരായിരുന്നു വിജയികൾ. 2019 മുതൽ ടീമുകളായാണ് പരിപാടിയിൽ വിദ്യാർഥികൾ പങ്കെടുക്കുന്നത്. 2019 ൽ ആരംഭിച്ച പതിപ്പിൽ 17 ടീമുകളിലായി അമ്പതിലേറെ പേരും 2020ൽ ആരംഭിച്ച പതിപ്പിൽ അന്തിമ പരിശോധനയ്ക്കുശേഷം 80 ടീമുകളിലായി 250 ഓളം പേരോളവുമാണ് രംഗത്തുള്ളത്. 2021ൽ ആദ്യഘട്ട മൂല്യനിർണയം കഴിഞ്ഞപ്പോൾ ചുരുക്കപ്പട്ടികയിൽ 1318 ടീമുകളിലായി 4300ഓളം രംഗത്തുണ്ട്. മെന്ററിംഗ് സ്ഥാപനങ്ങളുടെ എണ്ണം ഇപ്പോൾ അൻപതോളമാണ്. മെന്റർമാരുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവ് ഓരോ വർഷവും കൈവരിക്കുന്നുണ്ട്. 150 ഓളം പേർ ഇപ്പോൾ മെന്റർമാരായുണ്ട്. 5780 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾ വൈഐപി ആവാസ വ്യവസ്ഥയുടെ ഭാഗമാണ്. |

സെക്ഷൻ ഓഫീസർ